LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സഹകരണ യൂണിയൻ 2021 ഫെബ്രുവരി മാസത്തിൽ നടത്തിയ എച്ച്.ഡി.സി. ആൻഡ് ബി.എം.കോഴ്സിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷയുടെ "ഫംഗ്ഷൻസ് ഓഫ് മാനേജ്മെന്റ് ആൻഡ് അഡ്മിനിസ്ട്രേഷൻ" എന്ന വിഷയത്തിന്റെ ഉത്തരക്കടലാസുകൾ അടങ്ങിയ ബണ്ടിൽ, ശേഖരിച്ച ശേഷമുള്ള യാത്രാമദ്ധ്യേ വാഹനത്തിൽനിന്നും നഷ്ടപ്പെട്ടിട്ടുള്ളതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും തുടർന്ന് ടി വിഷയത്തിൽ 19-7-2021-ന് പുനഃപരീക്ഷ നടത്തി 10.8.2021-ന് പരീക്ഷാഫലം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ ആശുപത്രികളിലെ ചികിത്സാ സംവിധാനം

339 (724) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സഹായത്തോടെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

സഹകരണ ആശുപത്രികളിൽ ചികിത്സാ സംവിധാനം വർദ്ധിപ്പിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്.

(ബി) രണ്ടാം ഘട്ട കോവിഡ് വ്യാപന സമയത്ത് കിടത്തി ചികിത്സാ, പ്രതിരോധപ്രവർത്തനങ്ങൾ എന്നിവയ്ക്ക് സഹകരണ ആശുപത്രികൾ ലഭ്യമാക്കിയ സഹായങ്ങൾ വിശദമാക്കുമോ?

രണ്ടാംഘട്ട കോവിഡ് വ്യാപന സമയത്ത് വിവിധ ജില്ലകളിലായി സഹകരണ ആശുപത്രികൾ സി.എഫ്.എൽ.റ്റി.സി. ആരംഭിക്കുകയും കോവിഡ് രോഗികൾക്കായി കിടക്കകൾ സജ്ജീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഓക്സീമീറ്റർ, തെർമോമീറ്റർ, മാസ്ക്, സാനിറ്റൈസർ, കയ്യുറകൾ, മരുന്നുകൾ എന്നിവ സൗജന്യമായി നൽകിയിട്ടുണ്ട്. കൂടാതെ രോഗ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് കോവിഡ് രോഗികൾക്കായി പ്രത്യേക ക്ലിനിക് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചില സഹകരണ ആശുപത്രികൾ ശസ്ത്രക്രിയ ആവശ്യമുള്ള കോവിഡ് രോഗികൾക്ക് പ്രത്യേകം ഓപ്പറേഷൻ തീയേറ്ററും കോവിഡ് ബ്ലോക്കും സജ്ജീകരിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോവിഡ് ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമാക്കാനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സഹകരണ ആശുപത്രികളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കോവിഡ് ചികിത്സ, പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സഹകരണ ആശുപത്രികളിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് കോവിഡ് വാക്സിനേഷൻ നടത്തി. വാക്സിനേഷൻ സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ക്യാമ്പ് നടത്തുകയും സ്ഥാപനങ്ങളിലും കിടപ്പുരോഗികൾക്ക് വീടുകളിൽ എത്തിയും വാക്സിനേഷൻ നൽകി. ആശുപത്രിയിൽ വരാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി ടെലിമെഡിസിൻ സംവിധാനം ഏർപ്പെടുത്തി. ചില സഹകരണ ആശുപത്രികളിൽ കോവിഡ് ക്രൈസിസ് മാനേജുമെന്റ് ടീം രൂപീകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ചില സഹകരണ ആശുപത്രികളിൽ കേന്ദ്രീകൃത ഓക്സിജൻ സപ്ലൈ സംവിധാനം, കോവിഡ്-രോഗ ബോധവൽക്കരണത്തിന്റെ ഭാഗമായി വാക്സിൻ ചലഞ്ച്, ബോധവൽക്കരണ ക്യാമ്പ്, കോവിഡാനന്തര ചികിത്സ എന്നിവ നടത്തിവരുന്നു. ആശുപത്രി അണുവിമുക്തമാക്കുന്നതിന് ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. സർക്കാർ നിശ്ചയിച്ച നിരക്കിൽ ആന്റിജൻ, ആർ.ടി.പി.സി.ആർ. പരിശോധന സംവിധാനങ്ങൾ ഏർപ്പെടുത്തി.

സഹകരണ ബാങ്കുകളിലെ വായ്പ

340 (725) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തവർ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ യഥാസമയം വായ്പ തിരിച്ചടയ്ക്കാനാവാതെ ബാങ്ക് നടപടി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ ദുരിതം നേരിടുന്നവർക്കുള്ള ആശ്വാസ നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളതും കോവിഡ് മഹാമാരി കാരണം ജീവിതം ദുഃസഹമായിരിക്കുന്നതുമായ വായ്പക്കാർക്ക് ആശ്വസമാവുക എന്ന ലക്ഷ്യത്തോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കിയും പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിച്ചുവരുന്നു.